പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 5510

01.07.2019 - ൽ മറുപടിക്ക്

## സഹകരണ മേഖലയുടെ കെയർ ഗ്രേസ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. സി. ജോസഫ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | പ്രളയം മൂലം ദുരിതബാധിതരായവർക്ക് സഹകരണ മേഖല കെയർ ഗ്രേസ് എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നോ; | എ) | ആവിഷ്കരിച്ചിരുന്നു. |
| ബി) | എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കിയത്; വിശദാംശം ലഭ്യമാക്കുമോ? | ബി) | പ്രളയാനന്തര കേരളത്തിലെ ദുരിത ബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചത്.<br>സഹകരണ മേഖലയിലുള്ള ആശുപത്രികൾ, ക്ലിനിക്കുകൾ, മെഡിക്കൽ ലാബുകൾ, മെഡിക്കൽ സ്റ്റോറുകൾ എന്നിവ ദുരിതബാധിതരായ ജനവിഭാഗത്തിന്റെ പൊതുവായ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് പ്രയോജനപ്പെടുത്തുക, പരിശോധന-ചികിത്സാ സൗകര്യങ്ങൾ സൗജന്യമായോ കുറഞ്ഞ നിരക്കിലോ ലഭ്യമാക്കുക, ദുരിതബാധിതരായ കുടുംബങ്ങളിൽ കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിന് സാമ്പത്തിക പിന്തുണ നൽകുക എന്നിവയൊക്കെയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിരുന്നത്. അർഹരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് സഹകരണ സംഘങ്ങളുടെ പൊതുനന്മ ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതിന് അനുമതി നൽകി സർക്കുലർ നിർദ്ദേശവും പുറപ്പെടുവിച്ചിരുന്നു.<br>പ്രളയബാധിത പ്രദേശങ്ങളിലെ സഹകരണ സംഘങ്ങൾ ഈ പദ്ധതി ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ